**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പാലങ്ങൾക്ക് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പടനിലം,തൊണ്ടിലക്കടവ്, നടമ്മൽകടവ് എന്നീ പാലങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വിശദമാക്കാമോ; | (എ) | 1.പടനിലം പാലം 26/05/2018 ലെ G.O (Rt) No.898/2018/PWD പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2.തൊണ്ടിലക്കടവ് പാലം 10/02/2011 ലെ G.O (Rt) No.251/2011/PWD പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 3. നടമ്മൽകടവ് പാലം 17/02/2011 ലെ G.O (Rt) No.269/2011/PWD പ്രകാരം 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനാവ ശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. |
| (സി) | നടമ്മൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ടെണ്ടർ എടുത്ത കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചുപോകാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | നടമ്മൽക്കടവ് പാലം നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാലാണ് ടി പ്രവൃത്തി നിർത്തിവച്ചത്. |
| (ഡി) | പാലം നിർമാണത്തിന് ആവശ്യമായ 90% ഭൂമിയും ലഭ്യമായിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമാണോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സാധ്യമാണ്. |

സെക്ഷൻ ഓഫീസർ